ഭരണ വകുപ്പുമന്ത്രി എല്ലാ മാസവും 15-ാം തീയതിയോ അതിനടുത്ത ദിവസമോ ഒരു അവലോകനയോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നുണ്ട്. ഇതിനുപുറമേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാൻ അവലോകനവും നടത്തുന്നുണ്ട്. പദ്ധതി തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം എന്നിവ പരിശോധന നടത്തുന്നുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചു വരുന്നു.

(എഫ്) 12-8-99-ലെ ജി.ഒ.(പി)158/99/തദ്ദേവ ഉത്തരവ് പ്രകാരം ടെക്നിക്കൽ ആഡിറ്റ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കോപ്പി അനുബന്ധമായി വയ്ക്കുന്നു.†

(ജി) ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീമും ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിലും മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ റീജനൽ ജോയിന്റ് ഡയറക്ടർ മുഖേനയും, കോർപ്പറേഷനുകളിലും ജില്ലാ പഞ്ചായത്തുകളിലും ആ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടീമുമാണ് ഓഡിറ്റിംഗ് നടത്തുന്നത്. ഇത് ഫലപ്രദമായി നടന്നുവരുന്നുണ്ട്.

7 (*123) 1977 ജനുവരി 1-ന് മുമ്പ് വനഭൂമി കൈയേറിയവർക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ആന്റണി രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ വനഭൂമിയാണ് പട്ടയം നൽകാനുദ്ദേശിക്കുന്നത്;

(സി) മലയോര കർഷകർക്ക് പട്ടയം വിതരണം ചെയ്യുന്ന പ്രവർത്തനത്തിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഉപദേശക സമിതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഈ ഉപദേശകസമിതികൾ രൂപീകരിക്കുന്നതെന്ന് വിശദമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ജില്ലകളിൽ എത്രപേർക്ക് വീതം പട്ടയം നൽകേണ്ടതായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടയത്തിന് അർഹരായവരുടെ ലിസ്റ്റ് വില്ലേജ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്)ഇപ്രകാരം എത്ര ഭൂമി വീതം എത്രപേർക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ജി) കൃഷിക്കാർക്ക് കൂടുതൽ സഹായകരമായ രീതിയിൽ പട്ടയ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എച്ച്) സംസ്ഥാനത്തെ മുഴുവൻ കൈവശഭൂമിയും പട്ടയം നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) പട്ടയ വിതരണ പരിപാടി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1-1-1977-ന് മുൻപുള്ള വനഭൂമി കൈവശങ്ങൾ ക്രമവൽക്കരിക്കുന്നതിന് ജി.ഒ.(പി) 131/93/റവന്യൂ. തീയതി, 19-3-93 പ്രകാരം പ്രത്യേകം തയ്യാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടയം നൽകിവരുന്നത്. ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ സെക്ഷൻ (2) പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും ലഭിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച 28588.159 ഹെക്ടർ വനഭൂമിക്ക് ഹൈക്കോടതിയുടെ നിബന്ധനകൾക്ക് വിധേയമായി പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്ക് ഇടുക്കി ജില്ലയിൽ പത്തും തൃശ്ശൂർ ജില്ലയിൽ രണ്ടും സ്പെഷ്യൽ ലാന്റ് അസൈൻമെന്റ് യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇതിന് പുറമേ ജോയിന്റ് വെരിഫിക്കേഷൻ നടത്താത്ത ജില്ലകളിലും നേരത്തെ നടത്തിയവയിൽ വിട്ടുപോയ സ്ഥലങ്ങളും ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ 1989-ൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ ജില്ലകളിലും 1-1-1977-ന് മുൻപേ കൈവശമുള്ള സ്ഥലങ്ങളിൽ പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ തീരുമാനമായി.

(സി)&(ഡി) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ കർഷക യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഉപദേശക സമിതികൾ പത്തനംതിട്ട, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ സ്പെഷ്യൽ ലാന്റ് അസൈൻമെന്റ് യൂണിറ്റ് ഏരിയായിലും ഉപദേശക സമിതികൾ രൂപീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ജോയിന്റ് വെരിഫിക്കേഷൻ സമയത്തെ കണക്കനുസരിച്ച് 49,604 പേർക്കാണ് പട്ടയം നൽകേണ്ടിയിരുന്നത്. ജോയിന്റ് വെരിഫിക്കേഷനു ശേഷമുണ്ടായ കൈമാറ്റങ്ങൾകൂടി കണക്കിലെടുത്താൽ ഉദ്ദേശം 60,000 പേർക്കെങ്കിലും പട്ടയം നൽകേണ്ടതായുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ സമയത്തെ കണക്കനുസരിച്ചുള്ള ലിസ്റ്റ് വില്ലേജാഫീസിൽ പ്രസിദ്ധീകരിക്കാൻ നടപടി എടുത്തിട്ടുണ്ട്.

(എഫ്) പരമാവധി നാലേക്കർ വരെയുള്ള കൈവശഭൂമിക്കാണ് പട്ടയം നൽകുന്നതു്. പട്ടയത്തിന് അനുമതി ലഭിച്ച വനഭൂമിയുടെ വിസ്തീർണ്ണവും ജോയിന്റ് വെരിഫിക്കേഷൻ സമയത്ത് അർഹരായ കൈവശക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. വെരിഫിക്കേഷന് ശേഷമുണ്ടായ മാറ്റങ്ങൾ കൂടി കണക്കിലെടുത്താൽ ഏകദേശം 60,000-ൽ പരം പട്ടയങ്ങൾ നൽകേണ്ടിവരും. കൃത്യമായ കണക്ക് ഇപ്പോൾ നടക്കുന്ന പരിശോധനയ്ക്ക് ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

ജില്ല	വിസ്തീർണ്ണം	കൈവശക്കാർ
കൊല്ലം	70 ഹെക്ടർ	364
പത്തനംതിട്ട	60 ഹെക്ടർ	330
ഇടുക്കി	25363.159	40566
എറണാകുളം	375 ഹെക്ടർ	929
തൃശ്ശൂർ	2720 ഹെക്ടർ	7415
	28588.159	**49.604**

(ജി) ഈ കാര്യം പരിശോധിച്ചുവരുന്നു.

(എച്ച്) കൈവശഭൂമിയിൽ നിലവിലുള്ള ചട്ടങ്ങളനുസരിച്ച് പട്ടയം നൽകാവുന്ന മുഴുവൻ കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഐ) ഡാന്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള കേസ്സുകളിൽ 5000 കേസ്സുകൾ ആറുമാസത്തിനകവും ബാക്കിയുള്ളതിൽ 25000 ത്തോളം കേസ്സുകൾ ഒരു വർഷത്തിനകവും ശ്രീപണ്ടാരവക, സർവ്വീസ് ഇനാം, ശ്രീപാദം, കാണകുടിയായ്മ എന്നീ ഇനങ്ങളിൽ 50000 കേസ്സുകൾ അടുത്ത ആറു മാസത്തിനകവും ബാക്കിയുള്ള 62,000 കേസ്സുകൾ അടുത്ത ഒരു വർഷത്തിനകവും ഹൈക്കോടതിയുടെ സ്റ്റേയിൽ ഉൾപ്പെട്ട 40,000 ഏക്കർ മിച്ചഭൂമിയിൽ ചുരുങ്ങിയത് 10,000 ഹെക്ടറെങ്കിലും സ്റ്റേ നീക്കിയശേഷം ഒരു വർഷത്തിനകവും, പതിവ് ലിസ്റ്റിൽപ്പെട്ട 50,000 ഏക്കർ റവന്യൂ ഭൂമി ഒരു വർഷത്തിനകവും പതിച്ച് പട്ടയം നൽകാനുള്ള തീരുമാനമെടുത്തു നടപ്പാക്കി വരുന്നു. ലക്ഷം വീട് പദ്ധതി, താണവരുമാനക്കാർക്ക് നാലുസെന്റ് വീട് വയ്ക്കാനായി നൽകിയ പദ്ധതി എന്നിവയിലുൾപ്പെട്ട എല്ലാവർക്കും 31-3-2000 ത്തിന് മുൻപ് പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

8 (*124) വ്യവസായം ആരംഭിക്കുന്നതിന് നിയന്ത്രണം

ശ്രീ. കെ. സുധാകരൻ :

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പരിസ്ഥിതി നിബന്ധനകൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ :

(സി) ഈ നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി വരുന്ന പശ്ചാത്തലം സൃഷ്ടിക്കുവാൻ കേന്ദ്രഗവൺമെന്റ് ആവശ്യമായ സമയം നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

LIBRARY ARCHIVES Kerala Legislative Assembly